**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 428** **08-08-2023 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട എക്സൈസ് റെയിഞ്ച് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട എക്സൈസ് റെയിഞ്ച് ഓഫീസിനായുള്ള ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ചും അത് ആർജ്ജിത ഭൂമിയാണോ എന്നതിനെ സംബന്ധിച്ചും ശരിയായ വിവരം പഞ്ചായത്ത് ഗവൺമെന്റിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഇത് സംബന്ധിച്ച് 11.07.2023 തീയതിയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.<br><br>കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നം. 9 ൽ ഉൾപ്പെട്ട റീസർവ്വേ നം. 245/10 ൽ ഉൾപ്പെട്ട 14.2 സെന്റ് വസ്തുവിൽ നിന്നും എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് കൈമാറാൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച 10 സെന്റ് വസ്തു വില്ലേജ് ബി റ്റി ആർ പ്രകാരം സർക്കാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, നിലവിൽ കാട്ടാക്കട പഞ്ചായത്തിന്റെ അധീനതയിലുള്ള ആമച്ചൽ മാർക്കറ്റ് പ്രവർത്തിക്കുന്നതാണെന്നും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണെന്നും തഹസിൽദാർ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്നും, സർക്കാർ പുറമ്പോക്ക് ആയതിനാൽ കൈവശാവകാശ രേഖ ഉൾപ്പെടെയുള്ള റവന്യൂ രേഖകൾ ലഭ്യമാക്കാൻ കഴിയില്ലായെന്നും, ടി ഭൂമി എപ്രകാരം ആർജ്ജിച്ചതാണെന്നത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ പഞ്ചായത്തിൽ ലഭ്യമല്ല എന്നും കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

# കാട്ടാക്കട ഗ്രാമപഞ്ചായത്ത്

ഐ.എസ്.ഒ 9001:2015 അംഗീകാരമുള്ള സർക്കാർ സ്ഥാപനം

11.07.2023

എ2-3534/2018

പ്രേക്ഷിത
സെക്രട്ടറി
കാട്ടാക്കട ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്
ബഹു.പ്രിൻസിപ്പല് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ് (ഉചിത മാർഗ്ഗേന)
തിരുവനന്തപുരം

വിഷയം- കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ കളത്തുമ്മൽ വില്ലേജിലെ 10 സെൻറ് വസ്തു എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിട നിർമ്മാണത്തിനായി കൈമാറുന്നതിനായി ഭൂമി ആർജ്ജിച്ചത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന- (1) അങ്ങയുടെ 11.07.2023 തീയതിയിലെ ആര് ഇ 1-131/2023 ത സ്വ ഭ വ നം കത്ത്.
(2) 16.06.2023 തീയതിയിലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 6(1) നം തീരുമാനം
(3) കാട്ടാക്കട താലൂക്ക് തഹസ്സിൽദാരുടെ 02.05.2023 തീയതിയിലെ റ്റി എല് കെ – കെ റ്റി ഡി എ/1430/2023/ബി2 നം കത്ത്.

മേൽ വിഷയത്തിലേയ്ക്ക് അങ്ങയുടെ മഹനീയ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ കളത്തുമ്മല് വില്ലേജില് ബ്ലോക്ക് നം 9 ല് ഉൾപ്പെട്ട റീസർവ്വേ നം 245/10 ല് ഉൾപ്പെട്ട 14.2 സെൻറ് വസ്തുവില് നിന്നും 4.2 സെൻറ് വസ്തു ആമച്ചല് ചന്തയ്ക്ക് നിലനിർത്തിയ ശേഷം 10 സെൻറ് വസ്തു എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് കൈമാറാന് സന്നദ്ധത പ്രകടിപ്പിച്ച് സൂചന(2) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ആയതിലേയ്ക്കായി സർക്കാര് അനുമതി നേടുന്നതിന് പ്രസ്തുത ഭൂമിയുടെ കൈവശാവകാശ രേഖ ഉൾപ്പെടെയുള്ള റവന്യൂ രേഖകള് ലഭ്യമാക്കുന്നതിന് കളത്തുമ്മല് വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിരുന്നെങ്കിലും സൂചന(3) പ്രകാരം ടി വസ്തു വില്ലേജ് ബി റ്റി ആർ പ്രകാരം സർക്കാര് പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും നിലവിൽ കാട്ടാക്കട പഞ്ചയാത്തിൻറെ അധീനതയിലുള്ള ആമച്ചല് മാർക്കറ്റ് പ്രവർത്തിക്കുന്നതാണെന്നും പഞ്ചായത്തിൻറെ ആസ്തി രജിസ്റ്ററില് ഉൾപ്പെട്ടതാണെന്നും തഹസിൽദാര് സാക്ഷ്യപത്രം നൽകിയിട്ടുള്ളത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സർക്കാര് പുറമ്പോക്ക് ആയതിനാല് കൈവശാവകാശ രേഖ ഉൾപ്പെടെയുള്ള റവന്യൂ രേഖകള് ലഭ്യമാക്കാന് കഴിയില്ലായെന്നും അറിയിച്ചിട്ടുള്ളതുമാകുന്നു. ടി ഭൂമി എപ്രകാരം ആർജ്ജിച്ചതാണെന്നത് സംബന്ധിച്ച രേഖകള് ഒന്നും തന്നെ പഞ്ചായത്തില് ലഭ്യമല്ല. മേൽ സാഹചര്യത്തില് ഭൂമി വിട്ടു നൽകുന്നത് സംബന്ധിച്ച് ഉചിത നടപടി സ്വീകിരിക്കുന്നതിലേയ്ക്കായി മേല് വിവരങ്ങള് അങ്ങയുടെ അറിവിനും അനന്തര നടപടികൾക്കുമായി സമർപ്പിക്കുന്നു. ടി സ്ഥലം പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതും,ആമച്ചൽ മാർക്കറ്റ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും, മാർക്കറ്റിന് ആവശ്യമായ സ്ഥലം കഴിച്ച് ബാക്കി 10 സെൻറ് സ്ഥലം നൽകുന്നതിനാണ് ഭരണ സമിതി തീരുമാനിച്ചിട്ടുള്ളതെന്നും ബോധിപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

സെക്ഷൻ ഓഫീസർ



Kattakada Grama Panchayat Office, Kattakada P.O, Thiruvananthapuram – 695572, Kerala
Secretary – 9496040673, President 9496040652, Office – 0471-2290337, GSTIN# 32AAAGK0497E1ZO

Generated from eOffice by PRADEEP D P, T2 EDO TVPM, T2 EDO TVPM, EDOTVPM on 03/08/2023 03:10 PM